എത്രയോ വർഷങ്ങൾക്കുമുമ്പുള്ള ഒരു നോംസാണ് ഡോക്ടർമാരേയും സ്റ്റാഫിനേയും നിശ്ചയിക്കുന്ന കാര്യത്തിലുള്ളത്. ഇത് ഒരു പുനർപരിശോധനയ്ക്ക് വിധേയമാക്കേണ്ടതായിട്ടുണ്ട്. പുനർപരിശോധനയ്ക്ക് വിധേയമാക്കി നോംസിൽ ആവശ്യമായ മാറ്റം വരുത്തണം. എന്റെ ചോദ്യം ആരോഗ്യ മേഖലയിലും വിദ്യാഭ്യാസമേഖലയിലും പ്രത്യേക പരിഗണന നൽകി നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ പുനർനിർണ്ണയത്തിന് നടപടി സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ എന്നുള്ളതാണ്.

ശ്രീ. എ. കെ. ആന്റണി: നോംസൊന്നും മാറ്റാൻ ഉദ്ദേശിക്കുന്നില്ല. വിദ്യാഭ്യാസ മേഖലയിലും പൊതുജനാരോഗ്യ ഡിപ്പാർട്ടുമെന്റിലുമുള്ള വേക്കൻസികൾ എത്രയുംവേഗം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അത് കുറച്ചുകൂടി വേഗത്തിലാക്കാം.

ശ്രീ. ടി. എൻ. പ്രതാപൻ: നമ്മുടെ ഗവൺമെന്റ് ഹൈസ്കൂളുകളിൽ സ്ഥിരം ഒഴിവുകളുള്ള പല അദ്ധ്യാപക തസ്തികകളിലും പി.എസ്.സി. വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നിയമനം നടക്കുന്നില്ല. പല സ്കൂളുകളിലും അദ്ധ്യയനം നടത്തിവന്നിരുന്നത് താൽക്കാലികമായുള്ള അദ്ധ്യാപകരെ വച്ചായിരുന്നു. താൽക്കാലികമായി അദ്ധ്യാപകരെ നിയമിക്കരുതെന്ന് ഇപ്പോൾ ഒരു പുതിയ സർക്കുലർ വന്നിട്ടുണ്ട്. അതുകൊണ്ട് പല ഗവൺമെന്റ് വിദ്യാലയങ്ങളിലും, പ്രത്യേകിച്ച് ഗ്രാമീണ തലങ്ങളിൽ തീരപ്രദേശത്തും മലയോര പ്രദേശത്തും ഹൈസ്കൂളുകളിൽ അദ്ധ്യാപകരില്ലാതെ പഠനം നടക്കുന്നില്ല. വളരെ അടിയന്തിര പ്രാധാന്യവും ഗൗരവവുമുള്ള ഈ കാര്യം കണക്കിലെടുത്തുകൊണ്ട് സ്ഥിരം ഒഴിവുള്ള അദ്ധ്യാപകരില്ലാത്ത സ്ഥലങ്ങളിൽ താൽക്കാലിക നിയമനം നടത്തിയെങ്കിലും അദ്ധ്യയനം നടത്തുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ?

ശ്രീ. എ. കെ. ആന്റണി: ഇവിടെ ഇത്രയുംനേരം ബഹുമാനപ്പെട്ട മെമ്പർമാർ പലരും ഡെയ്ലി വേജസിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് എതിരായി സംസാരിച്ചിരുന്നു. അതിനെക്കുറിച്ചുള്ള നിരന്തരമായ പരാതിയുടെ അടിസ്ഥാനത്തിലാണ് വേക്കൻസിയുള്ള സ്ഥലങ്ങളിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നുതന്നെ ആളുകളെ എടുക്കുന്നതിന് ഗവൺമെന്റ് നിർദ്ദേശം നൽകിയത്. അത് നീണ്ടുപോകാതിരിക്കാനുള്ള നടപടി സ്വീകരിക്കാം. താൽക്കാലികമായ കാര്യത്തിൽ ഇവിടത്തെ മെമ്പർമാരുടെ അഭിപ്രായംതന്നെ കണ്ടതല്ലേ? ഏതായാലും പരിശോധിക്കാം.

നിരോധിക്കപ്പെട്ടിട്ടുള്ള മരുന്നുകളുടെ വിൽപ്പന

* 2 [932] ശ്രീ. കെ. കെ. ജയചന്ദ്രൻ:
,, കെ. പി. സതീശ് ചന്ദ്രൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരോധിക്കപ്പെട്ട മരുന്നുകളുടെ വിൽപ്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം മരുന്നുകളുടെ വിൽപ്പന തടയുന്നതിനും കണ്ടുപിടിക്കുന്നതിനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) നിരോധിക്കപ്പെട്ട മരുന്നുകൾ വിതരണം നടത്തുന്നവർക്കും ഉൽപ്പാദിപ്പിക്കുന്നവർക്കുമെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(ഇ) സംസ്ഥാനത്ത് 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ ഏതെല്ലാം മരുന്നുകൾ ഡ്രഗ്സ് കൺട്രോളർ നിരോധിച്ചിട്ടുണ്ട്; ഇതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ;

(എഫ്) ഇതിൽ ഗുണനിലവാരമില്ലാത്തതായി ഗവൺമെന്റ് അനലിസ്റ്റ് പ്രഖ്യാപിച്ച മരുന്നുകൾ ഏതൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ;

(ജി) ഒരേ ബ്രാന്റ് നാമത്തിൽ ഒന്നിൽക്കൂടുതൽ മരുന്നുകൾ വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമമനുസരിച്ചുള്ള നിർമ്മാണ ലൈസൻസില്ലാതെ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഐ) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പ് മന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, (എ) ഉണ്ട്.

(ബി, സി) ഉണ്ട്. മരുന്നുകളുടെ നിർമ്മാണവും വിതരണവും നിരോധിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഇപ്രകാരം നിരോധിക്കപ്പെട്ട മരുന്നുകളുടെ വിവരം പത്രമാധ്യമങ്ങൾ വഴി ഡ്രഗ്സ് കൺട്രോളർ പൊതുജനങ്ങളുടെയും ഔഷധ വ്യാപാരികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ മെഡിക്കൽ സ്റ്റോറുകളിലും ആശുപത്രികളിലും പരിശോധന നടത്തി നിരോധിക്കപ്പെട്ട മരുന്നുകൾ വിതരണം ചെയ്യുന്നില്ല എന്നുള്ള വസ്തുത ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) നിരോധിക്കപ്പെട്ട മരുന്നുകൾ വിൽപ്പന നടത്തുന്നതായി കണ്ടെത്തുന്ന കേസുകളിൽ Drugs & Cosmetics Act-ലേയും റൂൾസിലേയും വ്യവസ്ഥകൾ പ്രകാരം ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്. മരുന്നുകൾ കേന്ദ്ര സർക്കാർ നിരോധിച്ച തീയതിക്കുശേഷം നിർമ്മാണം നടത്തിയതായി സംസ്ഥാനത്ത് കണ്ടെത്തിയ രണ്ട് കേസുകളിൽ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ, എഫ്) Drugs & Cosmetics Act-ൽ സെക്ഷൻ 26(എ) പ്രകാരം കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുള്ള മരുന്നുകളുടെ ലിസ്റ്റും സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ നടത്തിയ പരിശോധനയും ഗുണനിലവാരവും ഇല്ലാത്തതായി കണ്ടെത്തിയതിനെത്തുടർന്ന് ഡ്രഗ്സ് കൺട്രോളർ നിരോധിച്ച മരുന്നുകളുടെ ലിസ്റ്റും ഇതോടൊപ്പം ചേർക്കുന്നുണ്ട്. †

† അനുബന്ധം II കാണുക

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉണ്ട്.

(എച്ച്, ഐ) ഉണ്ട്. ഡ്രഗ്സ് ലൈസൻസ് ഇല്ലാതെ മറ്റ് സംസ്ഥാനങ്ങളിൽ നിർമ്മിച്ച ഫുഡ് സപ്ലിമെന്റ് അവകാശവാദത്തോടെ ചില മരുന്നുകൾ സംസ്ഥാനത്ത് വിൽപ്പന നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ആംവേ ഇന്ത്യാ എന്റർപ്രൈസസ്, കാഡിലാ ഫാർമസ്യൂട്ടിക്കൽസ് (അഹമ്മദാബാദ്), ഫ്രാഞ്ച് ടെക് മാർക്കറ്റിംഗ് ലിമിറ്റഡ് (ചെന്നൈ), ജെ. എസ്. ഹെർബൽ മാർക്കറ്റിംഗ് ലിമിറ്റഡ്, ഹെർബൽ നെസ്റ്റ് (ഇടപ്പള്ളി), മൈക്രോ ലാബ്സ് ലിമിറ്റഡ് (ബാംഗ്ലൂർ), വോക്ക് ഹാർഡ് ലിമിറ്റഡ് (മുംബൈ) തുടങ്ങിയ സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ തുടരുന്നുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: കേരളത്തിൽ ജീവൻ രക്ഷാ ഔഷധങ്ങൾ ഉൾപ്പെടെ നിരവധി ഔഷധങ്ങൾ ഔഷധ കമ്പനികൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ നിർമ്മിക്കുന്ന, ഉൽപ്പാദിപ്പിക്കപ്പെടുന്ന മരുന്നുകളിൽ അധികവും നിരോധിക്കപ്പെട്ടതാണോ, അതിന്റെ കെമിക്കൽ കൺടെന്റ് നിരോധിക്കപ്പെട്ടതാണോ, ഗുണനിലവാരമില്ലാത്തതാണോ എന്ന് വ്യക്തമാക്കുന്നതിന് മുമ്പുതന്നെ ഇതിന്റെ വിൽപ്പന ആരംഭിച്ചിരിക്കും. ഡ്രഗ്സ് കൺട്രോളർ ഇതിന്റെ പരിശോധന നടത്തി റിസൽട്ട് വരുന്നതിന് മുമ്പുതന്നെ മരുന്നുകൾ വിറ്റഴിച്ചുതീർന്നിരിക്കും. അതുകൊണ്ട് ഇങ്ങനെ വിറ്റഴിക്കുന്നതിനുമുമ്പുതന്നെ മരുന്നിന് പരിശോധന നടത്താനും റിസൽട്ട് ഗുണകരമാണോയെന്ന് പരിശോധന നടത്തി വിൽപ്പന നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: ഡ്രഗ്സ് കൺട്രോളറുടെ അനുമതി ഇല്ലാതെയും പരിശോധന നടത്താതെയും കേരളത്തിൽ മരുന്നുകൾ വിൽക്കാൻ അനുവാദമില്ല. അങ്ങനെ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഏതെങ്കിലും കേസുകളുണ്ടെങ്കിൽ അവർക്കെതിരെ ശിക്ഷണ നടപടകളെടുത്തിട്ടുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: എയ്ഡ്സ് എന്നു പറയുന്ന രോഗത്തിന് ഇതുവരെ ഫല പ്രദമായ മരുന്നുകളൊന്നും കണ്ടെത്തിയിട്ടില്ല എന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. എന്നാൽ എറണാകുളം 'ഫെയർ ഫാർമ' എന്നു പറയുന്ന സ്ഥാപനം എയ്ഡ്സ് രോഗത്തിനുള്ള മരുന്ന് എന്നു പറഞ്ഞ് വൻതോതിൽ മരുന്ന് ഉൽപ്പാദിപ്പിച്ച് കോടിക്കണക്കിന് രൂപയ്ക്ക് വിൽപ്പന നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് സാധാരണ ആളുകളെ വൻതോതിൽ സ്വാധീനിക്കുന്നതാണ്. ഈ സ്ഥാപനത്തിൽ പരിശോധനകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. ശങ്കരൻ: ഇതിന് പ്രത്യേക ചോദ്യം വേണം. എന്തായാലും എന്റെ അറിവിൽപ്പെട്ടിടത്തോളം 'ഫെയർ ഫാർമ' എന്ന കമ്പനി നേരത്തേ ഇത്തരം മരുന്നുകൾ വിതരണം ചെയ്തിരുന്നു. ആ കമ്പനിക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഫെയർ ഫാർമ എന്നു പറഞ്ഞുകൊണ്ട് എയ്ഡ്സിനെതിരെ മരുന്ന് കേരളത്തിൽ വിൽക്കുന്നില്ല.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സംസ്ഥാനത്ത് നിരോധിക്കപ്പെട്ട മരുന്നുകളുടെയും അവ ഉൽപ്പാദിപ്പിക്കുന്ന കമ്പനികളുടെയും വിശദമായ ലിസ്റ്റ് ബഹുമാനപ്പെട്ട മന്ത്രി മറുപടിയുടെ അനുബന്ധമായി നൽകിയിട്ടുണ്ട്. എന്നാൽ നിരോധിക്കപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മരുന്നുകളുടെ വിൽപ്പനയും വിതരണവും സംസ്ഥാനത്ത് ഇപ്പോഴും നിർബാധം നടക്കുകയാണ്. പലപ്പോഴായി പുറത്തുവരുന്ന പത്രവാർത്തകൾ അതിനു സാക്ഷിയാണ്. ഈ സാഹചര്യം കണക്കിലെടുത്ത് നിരോധിക്കപ്പെട്ട മരുന്നുകളുടെ വിൽപ്പന കർശനമായി തടയുന്നതിന് എന്തെങ്കിലും പ്രത്യേക നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ : മെയിൻ ചോദ്യത്തിനുള്ള ഉത്തരത്തിൽതന്നെ വളരെ വ്യക്തമായി മറുപടി നൽകിക്കഴിഞ്ഞതാണ്. ഇത്തരം മരുന്നുകളുടെ നിർമ്മാണവും വിതരണവും വിൽപ്പനയുമൊക്കെ നിരോധിക്കുന്നതിനായി ഇത്തരം കേസുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരം കമ്പനികൾക്കെതിരെ കോടതിയിൽ ധാരാളം കേസുകൾ ഇപ്പോൾത്തന്നെ നിലനിൽക്കുന്നുണ്ട്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: യഥാർത്ഥത്തിൽ നിയമം നിലവിലുണ്ടെന്ന് മന്ത്രി പറഞ്ഞത് ശരിയാണ്. Drugs & Cosmetics Act-നിലവിലുണ്ട്. അതുപ്രകാരം ഇത്തരം മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നവർക്കും വിതരണം ചെയ്യുന്നവർക്കും കടുത്ത ശിക്ഷാ നടപടികൾ ഉണ്ട്. 5 വർഷത്തെ തടവും 10,000 രൂപ പിഴയും ഉണ്ട്. ഈ ആക്ട് പ്രകാരം എത്ര കേസുകൾ ആണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്? യഥാർത്ഥത്തിൽ അവിടെ നടക്കുന്നത് അഡ്ജസ്റ്റ്മെന്റാണ്. ആ മരുന്നുകളുടെ കൃത്യമായ ഗുണനിലവാരം പരിശോധിക്കാൻ ജനങ്ങൾക്കുതന്നെ ഭീഷണി ഉയർത്തുന്ന ഗൗരവമുള്ള പ്രശ്നമെന്ന നിലയിൽ പരിഗണിച്ചു കൊണ്ട് പ്രത്യേക നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ : ഇക്കാര്യത്തിൽ വളരെ കർശനമായ നടപടികളെടുക്കാൻ തുടങ്ങിയതോടുകൂടി ശുപാർശകളുടെ എണ്ണവും കൂടിയിട്ടുണ്ട്. അതുകൊണ്ടുതന്നെ നിൽക്കക്കള്ളിയില്ലാത്ത അവസ്ഥയാണ്. എന്തായാലും ഇക്കാര്യത്തിൽ ജനങ്ങളുടെ ജീവന് ഹാനികരമാകുന്ന മരുന്നുകളുടെ ഉൽപ്പാദനവും വിതരണവും നടത്താൻ ഒരു കാരണവശാലും കേരളത്തിൽ അനുവദിക്കുകയില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ: ഒരേ ബ്രാന്റിൽ ഗുണനിലവാരമില്ലാത്ത ഒന്നിൽക്കൂടുതൽ മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ ഏതെന്ന് നിർണ്ണയിച്ച് അത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തടയാനും തടസ്സപ്പെടുത്താനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: നിശ്ചയമായും ഇക്കാര്യത്തിൽ ഇപ്പോൾത്തന്നെ നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഒരേ ബ്രാന്റ് നെയിമിൽ പല കമ്പനികൾ മരുന്നു വിൽപ്പന നടത്തുമ്പോൾ അതിൽ യഥാർഥ കമ്പനി ആരെന്ന് കണ്ടെത്തി, യഥാർത്ഥ മരുന്ന് ഉൽപ്പാദിപ്പിക്കുന്നത് ആരെന്ന് കണ്ടെത്തി അവരെ മാത്രം അതിന്റെ ഉൽപ്പാദനവും വിതരണവും നടത്താൻ അനുവദിക്കുക എന്ന നയമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതല്ലാതെ മറ്റ് കമ്പനികൾ അതേ ബ്രാന്റ് നെയിം ഉപയോഗിച്ചുകൊണ്ട് മരുന്ന് വിൽക്കുന്നുവെങ്കിൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ: രണ്ടു വർഷത്തിനിടയിലുള്ള അനുഭവങ്ങൾ പരിശോധിച്ചാൽ മരുന്നുവിലയിൽ 200 ശതമാനം വർദ്ധനവാണ് നമുക്ക് അനുഭവപ്പെട്ടത്. ഇത്തരം സാഹചര്യത്തിൽ നിരോധിക്കപ്പെട്ടതും ഗുണനിലവാരമില്ലാത്തുമായ മരുന്നുകൾ വ്യാപകമാവുകയാണ്. പകർച്ചവ്യാധികൾ പടർന്നുപിടിക്കുകയാണ്. ഇത്തരം ഘട്ടത്തിൽ പലപ്പോഴും വികസിത രാജ്യങ്ങളിൽ ചെയ്യുന്നതുപോലെ ആരോഗ്യ അടിയന്തിരാവസ്ഥ കേരളത്തിൽ പ്രഖ്യാപിച്ച് ഇതിനെ നേരിടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: പൊതുവേ എല്ലാപേരും അതിന് എതിരാണ്. ഇപ്പോൾ ആരോഗ്യ അടിയന്തിരാവസ്ഥകൂടി പ്രഖ്യാപിച്ചിട്ട് ജനങ്ങളുടെ കൂടുതൽ എതിർപ്പ് ഏറ്റുവാങ്ങാൻ ഞാൻ തയ്യാറല്ല. ഇതിനെതിരെ നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ചുതന്നെ ശക്തമായി നടപടികൾ സ്വീകരിച്ചുകഴിഞ്ഞാൽ അവരെ നിലയ്ക്കു നിർത്താൻ സാധിക്കുമെന്ന പ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്.

ശ്രീ. എ. സുജനപാൽ: സർ, നിരോധിക്കപ്പെട്ട മരുന്നുകളും എക്സ്പെയറി ഡേയ്റ്റ് കഴിഞ്ഞ മരുന്നുകളും ഗവൺമെന്റ് സപ്ലൈ നടത്തി എന്നുള്ള എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പി. ശങ്കരൻ: മരുന്നുകൾ വാങ്ങുന്നതുതന്നെ ഇത്തരം പരിശോധനയ്ക്ക് വിധേയമായതിനുശേഷമാണ്. ആ പ്രശ്നങ്ങളൊക്കെ പൂർണ്ണമായും ഉറപ്പുവരുത്തിയതിനുശേഷമാണ് സെൻട്രൽ പർച്ചേസ് കമ്മിറ്റി ഏതൊക്കെ മരുന്നുകൾ വാങ്ങണം, ഏതൊക്കെ മരുന്നുകൾ വിതരണം ചെയ്യണമെന്ന് തീരുമാനിക്കുന്നത്.

ഡോ. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ കഴിഞ്ഞ രണ്ട് വർഷമായി 251 ബാച്ച് മരുന്നുകൾ ഡ്രഗ്സ് കൺട്രോളർ ഗുണനിലവാരമില്ലാത്തതിനാൽ നിരോധിച്ചതായിട്ടുള്ള ലിസ്റ്റ് നൽകിയിട്ടുണ്ട് എന്നുപറഞ്ഞു. ഇത് വളരെ ഗൗരവമായ സ്ഥിതിയിലേക്ക് വിരൽചൂണ്ടുകയാണ്. പല കേസുകളും പിടിക്കപ്പെടുന്നില്ല. പിടിക്കപ്പെടുന്നതിന്റെ എത്രയോ അധികമുണ്ട് പിടിക്കപ്പെടാത്തവ. ഇത് കാണിക്കുന്നത് സ്വകാര്യ കമ്പനികൾ ഗുണനിലവാരമില്ലാത്ത മരുന്നുകൾ പൊതുആരോഗ്യ രംഗത്തേയ്ക്ക് തള്ളിവിടുന്നതിനു ശ്രമിക്കുന്നു എന്നതാണ്. പക്ഷേ പ്രധാനപ്പെട്ട കാര്യം, 251 കേസിൽ ഒരൊറ്റ കേസുപോലും പൊതുമേഖലയുമായി ബന്ധപ്പെട്ടതല്ല. ഇതിന്റെ പശ്ചാത്തലത്തിൽ പൊതു ആരോഗ്യ സംവിധാനത്തിലൂടെ നൽകുന്ന മരുന്നിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി കേരളത്തിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ ആലപ്പുഴ കെ.എസ്.ഡി.പി. ആരോഗ്യ വകുപ്പ് അതിന്റെ കിച്ചൻ വർക്ക്ഷോപ്പായി ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി ആലോചിക്കുമോ?

ശ്രീ. പി. ശങ്കരൻ : അങ്ങയുടെ നിർദ്ദേശത്തിലെ വസ്തുത സ്വാഗതാർഹമാണ്. ഈ കാര്യത്തിൽ ഗവൺമെന്റിന് തടസ്സമായി നിൽക്കുന്നത് സാമ്പത്തിക പ്രയാസങ്ങളാണ്. കെ. എസ്. ഡി. പി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്തുകൊണ്ട് സർക്കാർ തന്നെ അതിനു സാമ്പത്തിക സഹായം നൽകി പ്രവർത്തനക്ഷമമാക്കുന്നത് നല്ലതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്വാഭാവികമായിട്ടും അത്തരം കമ്പനികൾ പ്രോൽസാഹനം നൽകി മുന്നോട്ടുവരിക യാണെങ്കിൽ കുറഞ്ഞ വിലയ്ക്ക് മരുന്ന് ലഭ്യമാക്കാൻ നമുക്ക് സാധിക്കും. മൾട്ടി നാഷണൽ കമ്പനീസ് ഇഷ്ടംപോലെ വിലകൂട്ടാനുള്ള അവരുടെ സാമർത്ഥ്യത്തെ തടയുകയും ചെയ്യും. ഈ കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്.

ശ്രീ. കെ. മോഹൻകുമാർ: സർ, ബ്ലാക്ക് ലിസ്റ്റിലുള്ള കമ്പനികളുടെ ഔഷധങ്ങൾ ഡോക്ടർമാർ ഇപ്പോഴും പ്രിസ്ക്രൈബ് ചെയ്യുന്നുണ്ട്. വിലകുറഞ്ഞ മരുന്നുകൾ ലഭ്യമായിരിക്കേ അതേ കെമിക്കൽ ഘടകങ്ങളുള്ള വിലകൂടിയ മരുന്നുകൾ കുറിച്ചു കൊടുക്കപ്പെടുന്നു. രോഗികളുടെ നിസ്സാഹായാവസ്ഥ പരിഗണിച്ച് ഡോക്ടർമാരുടെ സംഘടനയുടെകൂടി സഹായത്തോടെ വികസിത രാജ്യങ്ങളിലുള്ളതുപോലെ ഒരു പ്രിസ്ക്രൈബ്ഡ് നയത്തിന് രൂപംകൊടുത്ത് അത് പ്രസിദ്ധീകരിക്കുവാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. പി. ശങ്കരൻ: സംസ്ഥാനത്ത് നിരോധിക്കപ്പെട്ട മരുന്നുകളുടെ ലിസ്റ്റ് അതാത് സമയംതന്നെ പത്രമാധ്യമംവഴി ജനങ്ങളെ അറിയിക്കുന്നുണ്ട്. എന്നിട്ടും ഇത്തരം മരുന്നുകൾ പ്രിസ്ക്രൈബ് ചെയ്യുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടുകഴിഞ്ഞാൽ അപ്പോൾ നടപടികൾ സ്വീകരിക്കാറുമുണ്ട്. ഇതൊക്കെയാണെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങൾ ഇല്ലെന്ന് ഗവൺമെന്റ് പറയുന്നുമില്ല. എന്തായാലും ഇത് സംബന്ധിച്ച് കുറച്ചുകൂടി സുതാര്യമായ, കർക്കശമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിക്കുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, നിരോധിക്കപ്പെട്ട മരുന്നുകൾ ഇവിടെ വിതരണം ചെയ്യുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പക്ഷേ അതു കണ്ടുപിടിക്കുവാനുള്ള മാർഗ്ഗമില്ല. ഈയിടെ നെയ്യാറ്റിൻകരയിൽ പേവിഷബാധയേറ്റ ഒരാൾ ഇങ്ങനെ നിരോധിക്കപ്പെട്ട മരുന്നു കുത്തിവച്ചതുമൂലം മരണപ്പെടാനിടയായി. ഇവിടെയുള്ള മരുന്നുകൾ മാത്രമല്ല വിദേശ രാജ്യങ്ങൾക്ക് വേണ്ടാത്ത മരുന്നുകൾ ഇവിടെ ഇറക്കുമതി ചെയ്യുകയാണ്. ഗിനിപന്നിക്ക് കൊടുക്കുന്ന വിലപോലും മനുഷ്യർക്ക് കൊടുക്കാത്ത അവസ്ഥയാണ് കേരളത്തിലും ഇന്ത്യയിലാകെയുമുള്ളത്. പ്രധാനമായ പ്രശ്നം ചൂണ്ടിക്കാണിക്കുവാനുള്ളത്, സ്ത്രീകളുടെ ഗർഭനിരോധനത്തിനും മറ്റും ഉപയോഗിക്കുന്ന കൊയ്നാക്കൻ പോലുള്ള നിരവധി മരുന്നുകൾ മലമ്പനി, ക്യാൻസർ പോലുള്ള മാരകമായ രോഗങ്ങൾ ക്ഷണിച്ചുവരുത്തുന്നതാണ്. ഇത് കേരളത്തിൽ കർക്കശമായി നിരോധിക്കുവാൻ കഴിയുന്നവിധത്തിൽ എന്തെങ്കിലും പ്രത്യേക സംവിധാനം ഈ രംഗത്ത് സ്വീകരിക്കുവാൻ കഴിയുമോ?

ശ്രീ. പി. ശങ്കരൻ : ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940-ൽ, ഇതുവരെ ഏതാണ്ട് പത്തുമുപ്പത് അമന്റ്മെന്റ്സ് വരുത്തിയിട്ടുണ്ട്. ഈ കാര്യം പരിശോധിച്ചുകൊണ്ട് കൂടുതൽ കർക്കശമായ നിയമ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. എം. എ. വാഹീദ്: സർ, നിരോധിക്കപ്പെട്ട മരുന്നുകൾ മരുന്നു വിൽപ്പന ശാലകളിൽ വിൽക്കാതിരിക്കുന്നതിനുവേണ്ടി നിയമം ഭേദഗതി ചെയ്ത് നിരോധിക്കപ്പെട്ട മരുന്നുകളുടെ പട്ടിക എല്ലാ മരുന്നുവിൽപ്പന ശാലകളിലും പ്രദർശിപ്പിക്കുവാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ: ഇത് എത്ര കണ്ട് സാധ്യമാകുമെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. വി. ജെ. പൗലോസ്: സർ, നിരോധിക്കപ്പെട്ട മരുന്നുകൾ എന്നുപറയുന്നത് ഒരു സമയത്ത് ഉപയോഗത്തിലിരുന്നതാണ്. ഗുണനിലവാരം കുറഞ്ഞതെന്ന് പറയുന്നത്, ഗുണത്തിന്റെ കാര്യത്തെ സംബന്ധിച്ച തർക്കമാണ്. ഇവിടെ വൈദ്യശാസ്ത്രത്തിന് ഇന്നുവരെ എയ്ഡ്സിന് പ്രതിരോധ മരുന്ന് കണ്ടുപിടിക്കുവാനായിട്ടില്ല. എയ്ഡ്സിന് മരുന്നേ കണ്ടുപിടിച്ചിട്ടില്ല. അങ്ങനെയുള്ള മരുന്നുകൾ ഉണ്ടെന്ന് വലിയൊരു പബ്ലിസിറ്റി കൊടുത്ത് മാനസികമായും ശാരീരികമായും തകർന്നവരെ സാമ്പത്തികമായി ചൂഷണം ചെയ്യുന്ന ഇത്തരം മരുന്നു കമ്പനിക്കാരുടെ മരുന്ന് നിരോധിക്കുന്നതിന് നടപടി സ്വീകരിച്ചതുകൊണ്ടായില്ല, അങ്ങനെയുള്ള ആളുകളുടെ അനധികൃത സ്വത്ത് കണ്ടുകെട്ടി മേലിൽ ഇതു വരാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: ഈ കാര്യങ്ങളിൽ ഏത് വ്യക്തിക്കും അവരുടേതായ സ്വാതന്ത്ര്യമുണ്ട്. ഇതിന് പ്രത്യേകമായി പൊതുതാൽപര്യ ഹർജി ഫയൽ ചെയ്താൽ അവർക്കെതിരെ കേസ് എടുക്കുവാൻ കോടതി തയ്യാറാവും.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, കാലാവധി കഴിഞ്ഞ മരുന്നുകൾ സർക്കാർ വിതരണം ചെയ്യുന്നില്ലെന്ന് പറഞ്ഞു. സർക്കാരിന്റെ ഏതെങ്കിലും തലങ്ങളിലെ സ്റ്റോറുകളിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ കെട്ടിക്കിടപ്പുണ്ടോ; ഉണ്ടെങ്കിൽ അതിന് കാരണമെന്താണ്; ഇത് സമയത്തിന് വിതരണം ചെയ്യുവാൻ നിലവിലുള്ള സംവിധാനം എന്താണ്?

ശ്രീ. പി. ശങ്കരൻ: മരുന്നുകൾ കെട്ടിക്കിടക്കുവാൻ പാടില്ല. എക്സ്പെയറി ഡേറ്റ് കഴിഞ്ഞ മരുന്നുകൾ സൂക്ഷിക്കുവാൻ പാടില്ല എന്നൊക്കെ ഇത് സൂക്ഷിക്കുന്നവർക്ക് അറിയാവുന്ന കാര്യമാണ്. അങ്ങനെയുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതിന് നടപടി എടുക്കാറുമുണ്ട്. ഇതിനകംതന്നെ അങ്ങനെ ഒരു കേസ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടപ്പോൾ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, മയക്കുമരുന്നുകൾ എന്ന രീതിയിൽ ലഹരി മരുന്നുകൾ ഗുളിക രൂപത്തിൽ കോളേജ് വിദ്യാർത്ഥികൾക്കിടയിൽ സുലഭമായി മെഡിക്കൽ ഷോപ്പിൽനിന്ന് ലഭിക്കുന്നുണ്ട്. നിരോധിക്കപ്പെട്ട മരുന്നുകളുടെ പേരിൽ കേസ് എടുത്തുവെങ്കിലും ഇത്തരം മയക്കുമരുന്നുകളുടെ വ്യാപാരം തടയുന്നതിന് എക്സൈസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. ശങ്കരൻ: മരുന്നുഷോപ്പുകളിൽ വിൽക്കപ്പെടേണ്ട മരുന്നുകൾ ഏതൊക്കെയാണെന്ന് മരുന്നു കമ്പനികൾക്കും മരുന്നു വിൽക്കുന്ന മെഡിക്കൽ ഷോപ്പുകാർക്കും അറിയാം; ഇതിൽ നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥന്മാർക്ക് അറിയാം. അതല്ലാതെ മരുന്നുകൾ വിൽപ്പന ചെയ്യുന്നുണ്ടെങ്കിൽ ആ കാര്യത്തിൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഈ കാര്യം കുറച്ചുകൂടി ഗൗരവമായി പരിശോധിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്.

ശ്രീ. രാജു എബ്രഹാം: സർ, ഡ്രഗ്സ് കൺട്രോൾ വകുപ്പും മരുന്നു കമ്പനികളും ചേർന്നുള്ള ഒരു നാടകമാണ് പലപ്പോഴും മരുന്നുകളുടെമേൽ ഉണ്ടാകുന്ന നിരോധനം. ഉദാഹരണം, 300-ാം ബാച്ചിനാണ് കുഴപ്പം കണ്ടെത്തുന്നതെങ്കിൽ അതിന്റെ ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോഴേയ്ക്കും അത് മാർക്കറ്റിൽ പരിപൂർണ്ണമായി വിറ്റഴിക്കപ്പെട്ടിരിക്കും. അവിടെ 305-ാം ബാച്ച് ആയിരിക്കും വരുക. അതുകൊണ്ട് ബാച്ചിന്മേലുള്ള നിരോധനം ഏർപ്പെടുത്താതെ പ്രോഡക്ടിൻമേൽ നിരോധനം ഏർപ്പെടുത്താൻ വേണ്ട പുനർചിന്തനം നടത്താൻ തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: അങ്ങ് പറഞ്ഞ നിർദ്ദേശം പരിഗണിച്ചുകൊണ്ട് പ്രോഡക്ടിന്റെമേൽ നടപടി എടുക്കുവാൻ കഴിയുമോ എന്നത് പരിശോധിക്കാം.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, നിരോധിക്കപ്പെട്ട മരുന്നുകൾ വിൽക്കുന്നതുമായി ബന്ധപ്പെട്ടാണ് ധാരാളം ചോദ്യങ്ങൾ ഇവിടെ ഉയർന്നുവന്നിട്ടുള്ളത്. നിരോധിക്കപ്പെടാത്ത ആയുർവ്വേദ മരുന്നുകളുടെ പേരിൽ നാട്ടിൻപുറങ്ങളിൽ വിറ്റഴിക്കപ്പെടുന്ന അരിഷ്ടങ്ങളും മറ്റും ഇന്ന് ഗ്രാമപ്രദേശങ്ങളിൽ അപകടമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അതിനെ നിയന്ത്രിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഡിപ്പാർട്ടുമെന്റും ഗവൺമെന്റും തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ : ഈ കാര്യത്തിൽ പരാതിയുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഫെയർ ഫാർമയുടെ കാര്യത്തിൽ എന്തെങ്കിലും കേസ് എടുത്തിട്ടുണ്ടോ എന്നൊന്നും അങ്ങ് വെളിപ്പെടുത്തിയിട്ടില്ല. ആർ. സി. സി.-യുടെ പ്രശ്നം സഭയിൽ ഉൾപ്പെടെ വിവാദം ആയിട്ട് ഒന്നും സംഭവിച്ചില്ലെന്നുള്ളത് നമ്മുടെ മുമ്പിലുണ്ട്. ആയുർവേദ മരുന്നുകൾ എന്ന പേരിൽ വ്യാപകമായ പബ്ലിസിറ്റി കൊടുത്തുകൊണ്ട് ഇന്നു കൊടുക്കുന്ന പല മരുന്നുകൾക്കകത്തും സ്റ്റീറോയ്ഡ് ഉൾപ്പെടെ ചേർത്തുകൊടുക്കുന്നു എന്ന വസ്തുത നിൽക്കുന്നു. ഇതു പരിശോധിച്ചു കണ്ടെത്തി, കൃത്യമായി ലിസ്റ്റ് ഔട്ട് ചെയ്ത് നിരോധിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: ഈ കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഡ്രഗ്സ് കൺട്രോളർ നിരോധിച്ചിട്ടുള്ളതും ഗുണനിലവാരമില്ലാത്തതുമായ മരുന്നുകൾ നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി വിൽപ്പന നടത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഇതു സംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതായിട്ടാണ്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ സാധാരണഗതിയിൽ ചെയ്യുന്നത് പരിശോധന നടത്തി സാമ്പിൾ ടെസ്റ്റിന് അയയ്ക്കുകയാണ്. ടെസ്റ്റിനയച്ചാൽ ആറേഴു മാസം കഴിഞ്ഞിട്ടാണ് റിസൾട്ട് കിട്ടുന്നത്. ഇതിനിടയിൽ മരുന്നുകൾ മുഴുവൻ വിറ്റഴിക്കുകയാണ്. ഇങ്ങനെ പരിശോധനയ്ക്ക് അയയ്ക്കുന്നതിന്റെ റിസൽട്ട് ഒരു മാസത്തിനകമെങ്കിലും ലഭ്യമാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, സാമ്പിൾ ടെസ്റ്റ് പരിശോധിക്കുന്നത് സാധാരണഗതിയിൽ ആറേഴു മാസം വരില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[13-8-2003- ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *2 (932) കാണുക]

List of Drugs Banned by Government of India under Section 26A of the Drugs & Cosmetics Act, 1940

(a) Combinations of vitamins B1, B6 & B12 from 1-1-2001.

(b) The following drugs from 1-1-2002.

(i) Combination of Nitorfurantein & Trimethoprim.

(ii) Combination of Phenobarbitone with anti-asmatic drug.

(iii) Combination of Phenobarbitone with Hyoscine and or Hyoscyamine.

(iv) Combination of Phenobarbitone with Erzotamine and /or Belladona.

(v) Combination of Haleperidol with anti-cholivergic agent including propenthaline Bromide.

(vi) Combination of Nalidixicacid with any anti-amoebics drug including Metronidazole.

(vii) Combination of Cyproheptadine with Lyzine or Peptone.

(c) Combination of Metoclopramide with any other drug except Paracetamol from 1-9-2002.

(d) Haemoglobin in any form from 1-4-2002.

(e) Combination of Pancreatil or Pancrealineage containing amylase and protease with other enzymes from 1-4-2002.

(f) Terfenadine.

(g) Astemizole from 1-4-2003.

LIBRARY ARCHIVES Kerala Legislative Assembly